**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7351

17.07.2012 ൽ മറുപടിക്ക്

**പി.എം.ജി.എസ്.വൈ. പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | പി.എം.ജി.എസ്.വൈ. പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്ര റോഡുകളാണ് ഇനി പൂർത്തിയാകാനുള്ളതെന്നും എത്രയെണ്ണം പണി തുടങ്ങിയിട്ടില്ല എന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; | എ) | പി.എം.ജി.എസ്.വൈ പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ കരാർ ഉറപ്പിച്ച മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | ഇതുവരെ പണി ആരംഭിക്കാത്ത റോഡുകൾ ഉണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്നും ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിക്കുക എന്നും വെളിപ്പെടുത്തുമോ; | ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫേസ് 7 ൽ ഉൾപ്പെടുന്ന 2 റോഡുകളുടെ പണി ഇനിയും ആരംഭിക്കേണ്ടതുണ്ട്. ഇതിൽ മുണ്ടോട്ട് തൊട്ടിലായി റോഡിന് 42.10%വും കാളിച്ചാനടുക്കം-മലപ്പച്ചേരി റോഡിന് 41%വും അധികനിരക്ക് ആവശ്യപ്പെട്ടു കൊണ്ട് ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ 23.06.2012-ലെ ഉത്തരവ് (കൈ) നമ്പർ 176/2012/ത.സ്വ.ഭ.വ പ്രകാരം ടെണ്ടർ ലഭിച്ച റോഡുകൾക്ക്, പരമാവധി 35 ശതമാനം വരെ തുക ടെണ്ടർ പ്രീമിയം നൽകി അവാർഡ് ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് കരാറുകാർ സമർപ്പിച്ച റേറ്റ് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി കരാറുകാർ അവർ സമർപ്പിച്ച റേറ്റ് വിവിധ കാരണങ്ങളാൽ കുറയ്ക്കാൻ സാധിക്കുകയില്ല എന്ന് അറിയിച്ചിട്ടുണ്ട്. |
| സി) | മണ്ഡലത്തിൽ പുതുതായി തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന വ്യക്തമാക്കുമോ | സി) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ എട്ടാം ഘട്ടത്തിൽ ഏറ്റെടുക്കുന്നതിന് പരിഗണിക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ